# HH Baselios Mar Geevarghese IInd Memorial speech on 54th Patrons day at Baselios College Kottayam 05.01.2018

## By Jiji Thomson IAS

ഭാരതം ഋഷീശ്വരന്മാരുടെ നാടാണ്. വേദകാലത്ത് നിറഞ്ഞു നിന്നത് 'സപ്തർഷി' മാരായിരിന്നു (7 മുനിമാർ - വസിഷ്ട, കശ്യപ, വിശ്വാമിത്ര, ജമദാഗ്നി, ഗൗതമ. ഭരദ്വാജ് & ആത്രി. എട്ടാമനായി ഭൃഗുവിന്റെ പേര് 'വായുപുരാണ'ത്തിൽ പറയുന്നുണ്ടെങ്കിലും 'സപ്തർഷിമാർ' എന്ന് സംജ്ഞയിലാണ് ഇന്നും ഇവർ അറിയപ്പെടുന്നത്).

പിൽകാലത്ത് സുശ്രുത, ആചാര്യ പതഞ്ജലി, കപില എന്നിവർ തുടങ്ങി ശങ്കരാചാര്യർ, മാധവാചാര്യർ, രാമനുജാചാര്യർ എന്നീ മഹാമുനിമാർ ഭാരതീയ സംസ്ക്കാരത്തിന്റെ ഉജ്വല നക്ഷത്രങ്ങളായി. ആധുനിക ഇന്ത്യ കണ്ട മഹാമുനിമാരിൽ ശ്രീരാമകൃഷ്ണ പരമഹംസരും അദ്ദേഹത്തിന്റെ ശിഷ്യനായ സ്വാമി വിവേകാനന്ദനും, രമണ മഹർഷിയും ഉന്നത സ്ഥാനീയരാണ്. ഈ ഋഷിമാരുടെ ഗണത്തിലേക്ക് മലങ്കര സഭ സംഭാവനചെയ്ത മഹാ മുനിമാരിൽ ഒരാളാണ്. ഇന്നും നാം അനുസ്മരിക്കുന്ന ബസ്സേലിയോസ് മാർ ഗീവർഗ്ഗീസ് രണ്ടാമൻ കാതോലിക്കാബാവ. മലങ്കരസഭയുടെ മുനിപുംഗവന്മാരിൽ പ്രഥമസ്ഥാനം പ.പരുമല തിരുമേനിക്കു തന്നെ. പ. പാമ്പാടി തിരു മേനിയേയും, തീർച്ചയായി ഈ ഗണത്തിൽ ഉൾപ്പെടുത്തണം. ഋഷി, മുനി, സന്യാസി എന്നീ സംജ്ഞകളിൽ അറിയപ്പെടുന്നവർ ആദ്ധ്യാത്മികതയുടെ ഉന്നത ശൃംഗങ്ങളിൽ എത്താനായി ഭൗതിക ജിവിതത്തിലെ പല ഭോഗസുഖങ്ങളും ത്യജിച്ചവരാണ്. ആസക്തികളേയും, വികാരങ്ങളേയും, വാസനകളേയും നിയന്ത്രിച്ച് പരമാർത്ഥമായ ഉത്കൃഷ്ടജീവിതം നയിച്ച പുണ്യാത്മാക്കളാണ് അവർ. അവരുടെ ജീവിതത്തെ കുറിച്ച് മഹാകവി വള്ളത്തോൾ വിവരിക്കുന്നത് കേൾക്കുക.

ഭാരത വർഷത്തിലെ
പൂർവരാം ഋഷീന്ദ്രന്മാർ
പാരിന്നുള്ളടിക്കല്ലു
പാർത്തു കണ്ടറിഞ്ഞവർ
ഭോഗാനിസ്പൃഹർ
പരിത്യാഗൈക ദ്രവീണമാർ
അവർ തൻ വാസങ്ങളോ
പൊറ്റപുല്ലുകൾ കൊണ്ടും
ശുഷ്ക്കപത്രൗഘം കൊണ്ടും
കെട്ടിമേഞ്ഞ പാഴ് കുടിലുകളത്രേ
ചെങ്കോൽ ദൂരത്തിട്ട്
യോഗദണ്ഡടുക്കുന്ന
പൊൻ കിരീടത്തെ
ജഡാജ്ജൂതമായ് മാറ്റിടുന്നു.
(പുരാണങ്ങൾ)

ലോകത്തിന്റെ അടിസ്ഥാന ശില കണ്ടെത്തിയവരാണ് ഭാരത വർഷത്തിലെ പൂർവ്വരാം ഋഷീന്ദ്രൻമാർ. സുഖഭോഗങ്ങൾ വെടിഞ്ഞ് എല്ലാം പരിത്യജിച്ച് ത്യഗോന്മുഖരായി അവർ ജീവിച്ചു. ചെററ പുല്ലുകൾ കൊണ്ടും ഉണങ്ങിയ ഇലകൾകൊണ്ടും കെട്ടിമേഞ്ഞ പാഴ് കുടിലുകളിലാണ് ഇവർ വസിച്ചത്. ചെങ്കോൽ ദൂരെയെറിയുന്നു. കമണ്ഡലവും യോഗദണ്ഡും കൈയ്യിലേന്തുന്നു. മരവുരിയും മെതിയടിയും ധരിക്കുന്നു. ജഡപിടിച്ച തലമുടി പൊൻ കിരീടമായ് മാറ്റിടുന്നു. ഗീവർഗ്ഗീസ് ദ്വിതീയൻബാവയും ഇതുപോലെ ജീവിച്ച മഹാമുനിയായിരുന്നു.

1874ൽ 24ാമത്തെ വയസ്സിൽ സന്യാസം സ്വീകരിച്ചു. 1919ൽ മെത്രാപ്പോലീത്തയായി. 1929ൽ പൗരസ്ത്യ കതോലിക്കയായി 35 വർഷം മലങ്കരസഭയെ നയിച്ചു. ഒരു ധ്രുവനക്ഷത്രത്തെ പോലെ. 1964 ജനുവരി 3ന് കാലം ചെയ്തു. ജീവിച്ചിരുന്നപ്പോൾ തന്നെ മഹാ പരിശുദ്ധനായി എല്ലാവരാലും പ്രകീർത്തിക്കപ്പെട്ട ഈ പുണ്യപുരുഷനെ ഞാൻ കണ്ടിട്ടില്ല. കേട്ടറിവും വായിച്ചിട്ടുള്ള അറിവും മാത്രമേ എനിക്കുള്ളൂ. പുണ്യാത്മാവായ ഈ മഹാഋഷിയെക്കുറിച്ച് അനുസ്മരണ പ്രഭാഷണം നടത്താൻ എനിക്ക് ലഭിച്ച ഈ അവസരം എന്റെ മഹാഭാഗ്യമാണ്. ഇതിന് എന്നെ ക്ഷണിച്ചതിന് എല്ലാവർക്കും എന്റെ അകൈതവമായ നന്ദി.

സമ്യക്കായി ജീവിക്കുന്നവനാണ് സന്ന്യാസി. നേരായവഴി തെരഞ്ഞെടുക്കുന്നവൻ എന്ന് സാരം. ഒരു സന്ന്യാസിക്കുവേണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണം തപോനിഷ്ഠയാണ്. തന്റെ മനസ്സിന്റെ അവബോധം അത്യൂന്നതങ്ങളിലേക്ക് ഉയർത്താൻ അദ്ദേഹത്തിന് കഴിയണം. പലപ്പോഴും ഇത് സാധിച്ചു എന്ന് വരില്ല ആസ്വാദ്യവിഷയമായ വസ്തു ഉണ്ടെങ്കിൽ മാത്രമേ ആസ്വാദനം സാധ്യമാകുകയുള്ളൂ. മഴവില്ല് ആസ്വദിക്കണമെങ്കിൽ ആകാശത്ത് മഴവില്ല് കാണണം. സംഗീതം ആസ്വദിക്കണമെന്നങ്കിൽ അത് കേൾക്കണം. സുഗന്ധം ആസ്വദിക്കണമെങ്കിൽ അത് മണക്കണം. നമ്മുടെ ഇന്ദ്രിയങ്ങളിലൂടെയാണ് ഇതെല്ലാം ആസ്വദിക്കുന്നത്. കണ്ണില്ലാതെ മഴവില്ല് കാണാനാകുമോ? ചെവിയില്ലാതെ സംഗീതം കേൾക്കാൻ ആകുമോ? മൂക്കില്ലാതെ സുഗന്ധം തിരിച്ചറിയുമോ? കർമ്മമേന്ദ്രീയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും ഇല്ലാതെ ജീവിതം ആസ്വദിക്കുന്നത് എങ്ങനെ? സാധാരണകാർക്കുള്ള പരിമിതി ഇതാണ്. എന്നാൽ ഒരു യഥാർത്ഥ സന്യാസിക്ക് തന്റെ അവബോധത്തെ ഇന്ദ്രിയ ബന്ധമില്ലാതെ ഉണർത്താനും, ഉയർത്താനും, കഴിയും. ഇന്ദ്രിയങ്ങളുടെ സഹായമില്ലാതെ ഇതെല്ലാം ആസ്വദിക്കാൻ കഴിയും. തപോനിഷ്ഠ ഒരു സന്യാസിയുടെ ജീവവായുവാണ്. ഗീവർഗ്ഗീസ് ദ്വീതീയൻ ബാവയുടെ തപോനിഷ്ഠയെക്കുറിച്ച് ഡോക്ടർ സാമുവൽ ചന്ദനപള്ളി അനുസ്മരിക്കുന്നു: "ചിന്തയിലും പ്രവർത്തിയിലും കർമ്മാനുഷ്ഠാന ങ്ങളിലും വിശുദ്ധിയിലും പ്രസരിപ്പിച്ച വ്യക്തിയായിരുന്നു. ബാവതിരുമേനി ദേഹശുദ്ധിയിലും മനശുദ്ധിയിലും അത്യന്തം ജാഗ്രതപുലർത്തിയിരുന്നു. ഒരു യോഗീശ്വരന് ചേർന്ന നിഷ്ഠയും ചിട്ടയും അദ്ദേഹത്തിന്റെ ദൈനദിന പരിപാടിയിൽ ദർശ്ശിക്കാമായിരുന്നു. പ്രാചീന ഭാരതത്തിലെ യോഗീന്ദ്രന്മാരുടേയും മുനി പുംഗവന്മാരുടേയും ജീവിതക്രമം അദ്ദേഹത്തെ സ്വാധീനിച്ചിരുന്നതായി സൂക്ഷ്മ ദൃക്കുകൾക്ക് ബോധ്യപ്പെടും."

ഈ തപോനിഷ്ഠയുടെ അടിസ്ഥാനം അദ്ദേഹത്തിന്റേ അപാരമായ വേദ വിജ്ഞാനമായിരുന്നു. ഇതിനെക്കുറിച്ച് പണ്ഡിത ശിരോമണിയായ ഡോ. പൗലോസ് മാർഗ്രിഗ്രോറിയോസ് പറയുന്നു: "ആ പിതാവിന്റെ അഗാധമായ വേദവിജ്ഞാനതിൻെറ മർമ്മം ആ വിജ്ഞാനം എന്റെതു പോലെ പുസ്തകം വായിച്ച് ഉണ്ടാക്കിയതല്ല. പ്രത്യൂത പരിശുദ്ധാത്മ നിവേശിതമായിരുന്നു. അതിന്റെ യഥാർത്ഥ നിദാനം പാശ്ചാത്യ രീതിയിലുള്ള പാണ്ഡിത്യമല്ല; പ്രസ്തുത പ്രാർത്ഥനാ ജീവിതത്തിൽ അധിഷ്ഠിതമായ വേദാധ്യാനമായിരുന്നു എന്നതാണ്". ഇതാണ് നമുക്ക് വേണ്ടത്. പ്രാർത്ഥനാ ജീവിതത്തിൽ അധിഷ്ഠിതമായ വേദാധ്യായനം. നമുക്ക് നമ്മോട്തന്നെ ചോദിക്കാം; ഈ സൈബർ യുഗത്തിൽ ഇതിനൊക്കെ നാം സമയം കണ്ടെത്തുന്നുണ്ടോ? പ്രഭാത പ്രാർത്ഥനയും സന്ധ്യാപ്രാർത്ഥനയും കൃത്യമായി എല്ലാ ദിവസവും നടത്തുന്ന എത്ര ഭവനങ്ങൾ ഉണ്ട്? പള്ളിൽ വരുമ്പോൾ ചുമ്മാവിതുമ്പുന്ന ചുണ്ടുകളുമായിട്ടല്ലേ നാം നിൽക്കുന്നത്? തികച്ചും യാന്ത്രികമായല്ലേ നാം ആരാധനയിൽ പങ്കെടുക്കുന്നത്? ഏവൻ ഗേലിയോനിലൂടെ കേൾക്കുന്ന വേദഭാഗമല്ലാതെ മറ്റേതു ഭാഗമാണ് നമുക്ക് പരിചിതമായിട്ടുള്ളത്?

പ്രീയപ്പെട്ടവരെ! ലോകത്തിൽ നിങ്ങൾക്ക് നിലനിൽക്കണമെങ്കിൽ വേദവാക്യങ്ങൾ പഠിക്കണം, നിങ്ങളുടെ ജീവിതം സത്യമെന്ന പാറമേൽ പണിയണം. വചനം കേൾക്കുന്നതുപോലെ പ്രധാനമാണ് വചനമനുസരിച്ച് പ്രവർത്തിക്കുന്നതും. വി.ലൂക്കോസിന്റെ സുവിശേഷം ൬ാം അദ്ധ്യായത്തിൽ (V-39-45) കർത്താവ് ഒരു ഉപമപറയുന്നുണ്ട്:

"കുരുടന് കുരുടനെ വഴികാട്ടുവാൻ കഴിയുമോ? ഇരുവരും കുഴിയിൽ വീഴുകയില്ലയോ? ശിഷ്യൻ ഗുരുവിന് മീതെ അല്ല. അഭ്യാസം തികഞ്ഞവരെല്ലാം ഗുരുവിനെ പോലെയാകും" (V-39-40)

ഈ വേദഭാഗം അനുസരിച്ച് ജീവിച്ച ബാവ തിരുമേനിയുടെ ജീവിതം ഒരിക്കലും വിസ്മരിക്കുവാൻ പാടില്ലാത്ത 4 കാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു:

**i) ദൈവവചനം അന്ധതയെ അകറ്റും**

നമുക്ക് വെളിച്ചം എവിടെ നിന്നു കിട്ടും? കർത്താവിനെ നോക്കുകയും ധ്യാനിക്കുകയും ചെയ്യുമ്പോൾ നമ്മുടെ അകകണ്ണുകൾ തുറക്കുകയും, കൂടുതൽ വ്യക്തതയോടെ കാണാൻ കഴിയുകയും ചെയ്യും. അവസാനം ശിഷ്യൻമാരായ നമ്മൾ ഗുരുവായ കർത്താവിനെ പോലെ ആയിത്തീരും. അപ്പോസ്തല പ്രവൃർത്തികൾ (4-13):

"അവർ പത്രോസിന്റേയും യോഹന്നന്റേയും ധൈര്യം കാണുകയാലും, ഇവർ
പഠിക്കാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു.
അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നറിഞ്ഞു."

പരീശൻമാരുടെ സ്കൂളിലല്ലാ, കർത്താവിന്റെ സ്കൂളിലാണ് അവർ പഠിച്ചത്. അതിനാലാണ് അവർ കർത്താവിനെ പോലെ ആയത്. സംശയം വേണ്ട ദൈവവചനം ആയിരിക്കണം നമ്മുടെ അറിവിന്റെ പ്രഭവ കേന്ദ്രം.

**ii) ദൈവവചനം എനിക്കുവേണ്ടിയിട്ടുള്ളതാണ്.**

കർത്താവിന്റെ ശിഷ്യനാകാൻ ആഗ്രഹിക്കുന്നവർക്ക് ദൈവവചനം പഠിക്കാൻ അദമ്യമായ ആഗ്രഹം വേണം. വിനയാന്വിതനായി വേണം അതിനു ഒരുങ്ങാൻ. വചനം പഠിക്കുമ്പോൾ നമ്മുടെ ആകൃത്യങ്ങൾ നമ്മുക്ക് ബോധ്യപ്പെടും. അല്ലെങ്കിൽ നാമും അന്ധരാവും. ദൈവവചനം എന്നെയാണ് ബാധിക്കുന്നത് സഹോദരനെയല്ലാ എന്ന ചിന്തവേണം. വചനപ്രകാരം ജീവിക്കുവാനുള്ള നിരന്തര പരിശ്രമം വേണം.

**iii) ദൈവവചനം നല്ല ഫലം നൽകുന്നു**

ദൈവവചനം പഠിക്കുമ്പേൾ വിശ്വാസത്തിൽ നല്ല വേരോട്ടം ഉണ്ടാകും. നല്ല ആരോഗ്യമുള്ള വൃക്ഷം നല്ല ഫലം നൽകും. നിങ്ങൾ നല്ല ശിഷ്യൻമാർ ആകുമ്പോൾ ആത്മാവിന്റെ നല്ല ഫലങ്ങൾ നാം നൽകും

**iv) ദൈവവചനം ഉറപ്പുള്ള അടിസ്ഥാനം ആണ്**

നമ്മുടെ ജീവിതവും നമ്മുടെ കുഞ്ഞുങ്ങളുടെ ജീവിതവും ദൈവവചനമെന്ന പാറയിലാണോ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത്? ഓരോ പ്രാവശ്യം ദൈവവചനം കേൾക്കുമ്പോഴും ധ്യാനിക്കുമ്പോഴും നമ്മുടെ ജീവിതത്തിന്റെ ഒരു അടിസ്ഥാന ശില കൂടി സ്ഥാപിക്കുകയാണെന്ന് തിരിച്ചറിയുക. ഒരു കാറ്റിനും ഒരു പേമാരിക്കും അതിനെ ദുർബലപ്പെടുത്താൻ കഴിയില്ല. ഈ അടിസ്ഥാനമാണ് ബാവ തിരുമേനിയുടെ ജീവിതത്തിൽ വ്യത്യാസമുണ്ടാക്കിയത്. ഈ അടിസ്ഥാനമുള്ളതു കൊണ്ടാണ് ജയാ പജയങ്ങളെ സമചിത്തതയോടെ നേരിടാൻ അദ്ദേഹത്തിനു കഴിഞ്ഞത്. സഭാതർക്ക ത്തിൽ ഹൈക്കോടതിയിൽ നിന്നും പ്രതികൂലമായ വിധി ഉണ്ടായപ്പോൾ സംഭ്രമചിത്ത നാകാനോ, സുപ്രീംകോടതിയിൽ നിന്നും അനുകൂല വിധി ഉണ്ടായപ്പോൾ ആനന്ദസാഗരത്തിൽ ആറാടാനോ അദ്ദേഹം തയ്യാറായില്ല. പരാജയത്തിൽ നിരാശയോ, വിജയത്തിൽ അഹങ്കാരമോ ഇല്ല. ഇതായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവമഹിമ.

വീണ്ടും, ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിനെ ഉദ്ധരിക്കട്ടെ: "പാണ്ഡിത്യം കൊണ്ടു മാത്രം ഓർത്തഡോക്സ് സ്പിരുച്ചുവാൽറ്റി ആകുന്നില്ല. വേദ പുസ്തകത്തിലുള്ള അറിവ്, നിരന്തമായ പ്രാർത്ഥന, വ്രതനിഷ്ഠമായ സന്ന്യാസ ജീവിതം. ഇതെല്ലാം ഒന്നായി ലയിച്ചിരിക്കും ഒരു വ്യക്തിയിൽ. അത്തരം ഒരു വ്യക്തിത്വമാണ് ബാവയിൽ നാം ദർശിക്കുക."

വിനയവും ലാളിത്യവുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. വലിയ ഗുരുഭക്തനായിരുന്നു. ചേകോട് ആശാനാണ് ആദ്യകാല ഗുരു. ആശാന്റെ മുമ്പിൽ ബാവാതിരുമേനി ഇരിക്കുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ മനുഷ്യസ്നേഹത്തിന് ജാതിയുടെ അതിർ വരമ്പുകളില്ലായിരുന്നു. കക്ഷി വഴക്ക് കൊടുമ്പിരിക്കൊള്ളുമ്പോഴും, എതിർകക്ഷിയിലെ മെത്രാന്മാരെ ആദരിക്കാനും, പരേതരായ പിതാക്കന്മാരുടെ ഓർമ്മ കുർബാന നടത്താനും അദ്ദേഹം മറന്നില്ല. കേട്ടറിവുള്ള ഒരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. പാലാമ്പടം വക്കീൽ എന്നറിയപ്പെടുന്ന പി.റ്റി തോമസ് വക്കീൽ ഒരിക്കൽ ബാവയെ കാണാൻ ദേവലോകത്ത് വന്നു. വി.കുർബാനയ്ക്കു ശേഷം അരമനചാപ്പലിൽ നിന്നും ഇറങ്ങിവരുന്ന ബാവയെ കണ്ടിട്ട്, 'ഇതെന്താ തിരുമേനി! ഇന്ന് ഇടദിവസമല്ലേ? ഇന്നും കുർബാനയുണ്ടോ?' എന്നു ചോദിച്ചപ്പോൾ, 'ഇന്ന് കാലംചെയ്ത ഒരു പാത്രിയർക്കീസ് ബാവയുടെ ഓർമ്മദിനമാണ്. അദ്ദേഹത്തിനു വേണ്ടി കുർബ്ബാന അർപ്പിച്ചതാണ്' എന്ന് ബാവ പ്രത്യുത്തരം നൽകി. 'ഞാൻ മഞ്ഞിനിക്കരയിൽ നിന്നും വരികയാ. അവിടെ കുർബ്ബാനയൊന്നും ഉണ്ടായില്ലല്ലോ' എന്നും പറഞ്ഞ് വക്കീൽ ആശ്ചര്യപ്പെട്ടുവത്രേ.

"മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്കുകാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിക്കാനും ദയാതല്പരനായിരിക്കാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നുത്." എന്ന മീഖാ പ്രവാചകന്റെ (6:8) വാക്കുകൾ അന്വർത്ഥമാക്കിയ ജീവിതമായിരുന്നു ബാവാതിരുമേനിയുടേത്.

ക്രിസ്ത്യാനികളുടെ രക്ഷയുടെ മർമ്മം വി.കുർബ്ബാനയാകുന്നു എന്ന് ഉറക്കെ പ്രഖ്യാപിച്ച ഈ പിതാവ്, അത് അനുഷ്ഠിക്കുന്നതിൽ കാണിച്ച ഒരുക്കവും അനുഷ്ഠാനുവും അനുപമമായിരുന്നു. ഇതിനെക്കുറിച്ച് ഫാ. ടി.ജെ. ജോഷാ വിവരിക്കുന്നത് ശ്രദ്ധിക്കുക: "ഞായറാഴ്ച (വി. കുർബ്ബാന) അനുഷ്ഠിക്കുന്നതിനുള്ള ഒരുക്കം ശനിയാഴ്ച ഉച്ചകഴിയുമ്പോൾ ആരംഭിക്കും. ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഒരുക്കമാണ്. അനുഷ്ഠിക്കുമ്പോൾ പൂർണ്ണ ഭക്തിയോടും സമ്പൂർണമായ ഏകാഗ്രതയോടും അതീവ തീക്ഷണതയോടും ആയിരിക്കും. അദ്ദേഹത്തിന്റെകൂടെ അനേകം പ്രാവശ്യം വി. കുർബ്ബാനയിൽ പങ്കെടുത്തിട്ടുണ്ട്. ദിവ്യാനുഭൂതി പകരുന്ന അനുഭവമെന്നു മാത്രമേ പറയാനാവൂ."

വെറും നിന്ദ്യപൂഴിയായ തന്നെ കർത്താവിന്റെ ആഗ്നേയ സിംഹാസനത്തിനു മുമ്പിൽ നിൽക്കാൻ യോഗ്യനാക്കിയ മഹാകൃപ പൂർണ്ണവായും ഉൾക്കൊണ്ടതുകൊണ്ടാണ്, വി. കുർബ്ബാന അർപ്പിക്കുമ്പോൾ അദ്ദേഹത്തിന് പുതിയ രൂപവും, ഭാവവും ഗംഭീരനാദവും ഉണ്ടാകുന്നതെന്ന്, ശുശ്രൂഷയിൽ പങ്കെടുത്തിരുന്ന പലരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ പരുമലയിൽ ഞാൻ പോയപ്പോൾ, വി. കുർബ്ബാനാനന്തരം ഇന്നത്തെ ഉദ്ഘാടകനായ പ. പൗലൂസ് ദ്വിതീയൻ ബാവയെ ഞാൻ കണ്ടു. ജ്വാലാമുഖിയായ ബാവാതിരുമേനിയെയാണ് അന്നു ഞാൻ ദർശിച്ചത്.

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകൾ പ. പിതാവിനുണ്ടായിരുന്നു. പൗരസ്ത്യ ഓർത്തഡോക്സ് സഭകളെപ്പോലെ, മലങ്കരസഭയും സ്വയം ശീർഷകത്തമുള്ള സഭയാണ്. അല്ലാതെ വിദേശാധിപത്യത്തിലോ ഏതെങ്കിലും ഒരു മേൽപ്പട്ടക്കാരന്റെ ഏകാധിപത്യത്തിലോ കഴിയുന്ന സഭയല്ല. സഭയിൽ സമാധാനമുണ്ടാക്കാൻ അദ്ദേഹം എടുത്ത വിട്ടുവീഴ്ചകൾ പ്രസിദ്ധമാണ്. (യോജിച്ച മലങ്കരസഭയിലെ ആദ്യത്തെ കാതോലിക്കയാണ് പ. തിരുമേനി) സമാധാനം കൈവരുത്താൻ എന്തു ത്യാഗവും അനുഷ്ഠിക്കാൻ അദ്ദേഹം തയ്യാറായി. പക്ഷെ, സഭാ നേതൃത്വത്തിൽ അന്നുണ്ടായിരുന്ന ചിലരുടെ വ്യക്തി താത്പര്യങ്ങളായിരുന്നു സമാധാനപന്ഥാവിലെ പ്രധാന വിഘാതമെന്ന് ഡോ. പൗലൂസ് മാർഗ്രിഗോറിയോസ് തിരുമേനി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

പ. ഗീവറുഗീസ് ദ്വീതീയൻ ബാവയോട് നമുക്കു കാണിക്കാവുന്ന ഏറ്റവും വലിയ ആദരവ് അദ്ദേഹം തുടങ്ങിവച്ച സമാധാന ദൗത്യം പൂർത്തീകരിക്കുക എന്നതാണ്. 2017 ജൂലൈ 3ലെ ബഹു. സുപ്രീംകോടതി വിധി അതിന് കളമൊരുക്കുന്നുണ്ട്. ഇരു വിഭാഗങ്ങളിലേയും ബഹുഭൂരിപക്ഷം വിശ്വാസികളും സമാധാനം കാംക്ഷിക്കുന്നു. “പരി. സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന് ലഭ്യമായ അവസരമാകയാൽ ഒരു ദൈവാനുഗ്രഹമായി കാണുന്നുവെന്ന്” പ. ബാവാതിരുമേനി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ‘വ്യവഹാരരഹിതമായ ഒരു മലങ്കരസഭയാണ് തന്റെ സ്വപ്ന’മെന്നും പരുമലയിൽ ചെയ്ത പ്രസംഗത്തിൽ ബാവാതിരുമേനി പ്രഖ്യാപിച്ചിട്ടുണ്ട്.

നാം താലോലിക്കുന്ന സ്വപ്നങ്ങൾ യഥാർത്ഥ്യമാകണമെങ്കിൽ അതിന്റെ പിന്നിൽ ഒരു കർമ്മപദ്ധതി (Action Plan) ഉണ്ടാവണം. നിശ്ചയദാർഢ്യം വേണം. പൂർണ്ണ സമർപ്പണവും വേണം. ഇതെങ്ങനെ സാധിക്കുമെന്ന് ചിന്തിച്ചുനോക്കാം.

മലങ്കരസഭയിലെ തർക്കത്തിന് വിശ്വാസപരമായ കാരണങ്ങളില്ല. അധികാര തർക്കമാണ് ഇതിന്റെ അടിസ്ഥാനമെന്ന് സുപ്രീംകോടതി തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുണ്ടായ ശീതയുദ്ധത്തിൽ ജർമ്മനി രണ്ടായി വിഭജിക്കപ്പെട്ടു. (1961ൽ) കുറുകേ ഒരു വൻമതിലും കെട്ടി - ബർലിൻ മതിൽ! ഒരേ ഭാഷ സംസാരിക്കുന്ന, ഒരേ സംസ്ക്കാരമുള്ള, ഒരേ വംശജരായ ജനതയെ അന്ധമായ രാഷ്ട്രീയകാരണങ്ങൾ പറഞ്ഞ് രണ്ടായി വിഭജിച്ചു. കിഴക്കൻ ജർമ്മനിയും പശ്ചിമ ജർമ്മനിയും. നീണ്ട 28 വർഷങ്ങൾക്കുശേഷം ബർലിൻ മതിൽ ഇടിച്ചു നിരത്തി, ജർമ്മനി ഒരു രാഷ്ട്രമായെങ്കിൽ മലങ്കരസഭയെ വിഭജിക്കാൻ നാമുണ്ടാക്കിയ കൃത്രിമ മതിൽ ഇടിച്ചു നിരത്താൻ എന്തിനു താമസിക്കണം?

ഇതിന്റെ അർഥം, കാതോലിക്കാബാവയും പാത്രിയർക്കീസ് ബാവയും നാളെത്തന്നെ പരസ്പരം ആശ്ലേഷിച്ച് സാമാധാനം കൈവരുത്തണമെന്നല്ല. അങ്ങനെ തട്ടിക്കൂട്ടിയ ഒരു

സമാധാനവും ശാശ്വതമാവില്ല എന്ന് ബാവാതിരുമേനി തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്, പിന്നെ എന്തു വേണമെന്നാണ് പറയുന്നത്?

ഒരു ഉദാഹരണം പറയാം: ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ സമാധാനം ഉണ്ടാക്കണ മെന്ന് ഇരു രാജ്യങ്ങളിലെ ബഹുഭൂരിപക്ഷം ജനതയും ആഗ്രഹിക്കുന്നു. എങ്കിൽ ആദ്യം വേണ്ടത് സമാധാനത്തിനു അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കലാണ്. അതിർത്തി യിലുള്ള ഭീകരപ്രവർത്തനങ്ങൾ പാക്കിസ്ഥാൻ അവസാനിപ്പിക്കണം വാഗാ അതിർത്തി നമ്മൾ തുറന്നിടണം. ഇന്ത്യാ-പാക്കിസ്ഥാൻ ക്രിക്കറ്റ് മത്സരങ്ങൾ പുനഃരാരംഭിക്കണം. ഇന്ത്യൻ നർത്തകിമാർ പാക്കിസ്ഥാനിലും, പാക്കിസ്ഥാനിലെ കവ്വാലി സംഗീതജ്ഞർ ഇന്ത്യയിലും പര്യടനം നടത്തണം. ഇതിനെ Confidence Building Measures (CBMs) എന്നാണ് പറയുക. ഇതുപോലെ മലങ്കരസഭയിലും CBMS വേണം. നിസ്വാർത്ഥരും സമാധാനകാംക്ഷികളുമായിട്ടുള്ളവരുടെ ഒരു ഉന്നതസമിതി ഇരു വിഭാഗങ്ങളിലും ഉണ്ടാ വണം. അവർ ഒരു വട്ടമേശയ്ക്ക് ചുറ്റുമിരുന്ന് ചർച്ചചെയ്യണം. ആദ്യം വേണ്ടത് സാഹോ ദര്യം. പിന്നെ സഹവർത്തിത്വം. പിന്നീട് മതി സമാധാനം. ഇതിനു ചിലപ്പോൾ രണ്ടോ മൂന്നോ വർഷങ്ങളെടുത്തേക്കാം. സാരമില്ല. മുറിവുകൾ ഉണങ്ങാൻ സമയം വേണം. ഇനി, ഇതെല്ലാം കഴിഞ്ഞ് സഹോദര സഭകളായി നിലനിന്നാൽ മതി എന്നാണ് ദൈവേഷ്ടമെങ്കിൽ അങ്ങനെ തന്നെയാകട്ടേ! പക്ഷെ, ഒന്നുണ്ട്, സമയത്തിന്റെ മണൽപ്പ രപ്പിൽ നമ്മുടെ പാദമുദ്രകൾ പതിയണമെങ്കിൽ കാലുകൾ വലിച്ചിഴച്ചാൽ പറ്റില്ല ധീരവും കൃത്യവുമായ ചുവടുവെയ്പ്പുകൾ നടത്തിയേ തീരു.

(If you want to leave foot prints on the sands of time, don’t drag your feet. You need to make sure and certain steps. )

വിശ്വപ്രസിദ്ധ അമേരിക്കൻ കവിയായ റോബർട്ട് ഫ്രോസ്റ്റിന്റെ (Robert Frost) ‘The Road Not Taken’ എന്ന കവിതയിൽ ഏതു വഴി തിരഞ്ഞെടുക്കണമെന്ന് ഒരു നിമിഷം അന്ധാളിച്ചു നിൽക്കുന്ന കവിയുടെ അനുഭവം വിവരിക്കുന്നുണ്ട്.

Two roads diverged in a yellow wood,
And sorry I could not travel both
And be one traveler, long I stood
And looked down one as far as I could
To where it bent in the undergrowth;

വഴി രണ്ടായി പിരിയുന്നു, ധാരാളം പേർ നടക്കുന്ന ആദ്യത്തെ വഴിയോ, അതോ അധികം ആരും സഞ്ചരിക്കാത്ത, കല്ലും മുള്ളുമുള്ള രണ്ടാമത്തെ വഴിയോ? ഏതാണ് വേണ്ടത്?

I shall be telling this with a sigh
Somewhere ages and ages hence:
Two roads diverged in a wood, and I—

I took the one less traveled by,
And that has made all the difference.

അധികമാരും സഞ്ചരിക്കാൻ ധൈര്യപ്പെടാത്ത വഴിതന്നെ അദ്ദേഹം തിരഞ്ഞെടുത്തു.

And that has made all the difference.

സഭാനേതൃത്വത്തിന്റെ മുമ്പിലും ഇപ്പോൾ രണ്ടു വഴികളുണ്ട്. ഇപ്പോഴുള്ള നില തുടരാൻ കഴിയുന്ന ആദ്യത്തെ വഴി. കല്ലും മുള്ളും നിറഞ്ഞ സമാധാനത്തിന്റെ രണ്ടാമത്തെ വഴി. അധികമാരും സഞ്ചരിക്കാൻ ധൈര്യപ്പെടാത്ത ഈ വഴിയിലൂടെയാണ് പ. ഗീവറുഗീസ് ദ്വിതീയൻ ബാവ നടന്നത്. 'വൃദ്ധൻ പുന്നൂസ് എന്ന് വിളിച്ച് ചിലർ അദ്ദേഹത്തെ അധി ക്ഷേപിച്ചു. ചെളിവാരിയെറിഞ്ഞു. ചിലർ നിന്ദിച്ചു. ഈ വിനിന്ദകളുടെ നടുവിലും അന ഭിഭുതനായി അദ്ദേഹം മുന്നോട്ടു നടന്നു. ആ വഴിയേ നടക്കാൻ അദ്ദേഹത്തിന്റെ അനന്ത രഗാമിക്കും കഴിയട്ടേ എന്ന് ഞാൻ പ്രത്യാശിക്കുന്നു. ദുർഘടം പിടിച്ച ഈ പാതയിലൂടെ നടന്ന് രണ്ടു വിഭാഗങ്ങളേയും ഒരുമിപ്പിച്ച്, ഒരിടയനും ഒരാട്ടിൻകൂട്ടവുമാക്കി മാറ്റുമ്പോൾ പ. ഗീവറുഗീസ് ദ്വിതീയൻ ബാവ ആനന്ദാശ്രുക്കൾ പൊഴിക്കും. ആ സുദിനത്തിനു വേണ്ടി നമുക്ക് ഒത്തൊരുമയോടെ പ. ബാവാതിരുമേനിയുടെ പിന്നിൽ അണിനിരക്കാം.

മലങ്കര സഭയിൽ സമാധാനം പുന:സ്ഥാപിക്കുന്നതാണ്. പ. ഗീവറുഗീസ് ദ്വിതീയൻ ബാവയ്ക്ക് നൽകാവുന്ന ഏറ്റവും വലിയ ആദരവ് എന്നു ഞാൻ കരുതുന്നു.
അതിന് സർവ്വേശ്വരൻ പാ.ബാവാ തിരുമേനിയെ ശക്തിപ്പെടുത്തട്ടേ എന്ന് നമുക്ക് ആശം സിക്കാം; പ്രാർഥിക്കാം.

നിങ്ങളുടെ സമയത്തിനും, ക്ഷമയ്ക്കും നന്ദി.